(27) കാരൂർ ജോബി അഗസ്റ്റിന്റെ സംശയകരമായ മരണം

ശ്രീ. വി. കെ. രാജൻ: സർ, ഒറ്റനോട്ടത്തിൽ കൊലപാതകമാണെന്നു മൃതശരീരം കണ്ടതിൽ തോന്നിയ ഒരു കൊലപാതകത്തിന്റെ കഥയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്. അങ്ങയുടെ മണ്ഡലത്തിലെ പരേതനായ പാറയ്ക്കൽ അഗസ്റ്റിയുടെ മകൻ ബിരുദധാരിയായ ജോബി അഗസ്റ്റിൻ ചങ്ങനാശ്ശേരി ബ്ലൂസ്റ്റാർ ബാർ അറ്റാച്ച്ഡ് ഹോട്ടലിലെ ജോലിക്കാരനായിരുന്നു. ജൂലൈ 18-ാം തീയതി ഉച്ചയ്ക്ക് ഒരു കോൺസ്റ്റബിളും മറ്റ് 2 പേരും കൂടി ഒരു കാറിൽ ജോബിയുടെ വീട്ടിൽ ചെന്നു. ജോബി മോട്ടോർ അപകടത്തിൽ മരിച്ചുവെന്നും മൃതശരീരം ഏറ്റുവാങ്ങാൻ കൂടെവരണമെന്നും ആവശ്യപ്പെട്ടു. അവർ വന്ന കാറിൽത്തന്നെ ജോബിയുടെ അടുത്ത സുഹൃത്തുക്കളും മറ്റൊരു കാറിൽ അടുത്ത ചില ബന്ധുക്കളും പോയി. ചങ്ങനാശ്ശേരി എസ്.ഐ.യുമായി അവർ സംസാരിച്ചപ്പോൾ അദ്ദേഹം പറഞ്ഞത് ജോബി തൂങ്ങിമരിച്ചെന്നാണ്. ചങ്ങനാശ്ശേരി സർക്കാർ ആശുപത്രി മോർച്ചറിയിൽ കിടന്നിരുന്ന ജോബിയുടെ മൃതദേഹത്തിന്റെ കിടപ്പ് അതൊരു ആത്മഹത്യയല്ലെന്ന് ആർക്കും ബോദ്ധ്യമാകുന്ന തരത്തിലായിരുന്നു. കയ്യും കാലുമൊക്കെ മടങ്ങികിടക്കുന്ന നിലയിലായിരുന്നു മൃതദേഹം. ആത്മഹത്യചെയ്ത മൃതദേഹത്തിന്റെ സാമാന്യ ലക്ഷണങ്ങളൊന്നും അതിൽ കണ്ടിരുന്നില്ല. സംഭവം നടന്ന സ്ഥലം കാണണമെന്ന് ആവശ്യപ്പെട്ടപ്പോൾ പ്രസ്തുത ഹോട്ടലിലെ 21-ാം നമ്പർ മുറി കാണിച്ചുകൊടുത്തു. ആ മുറി കണ്ടപ്പോൾ ഒരു സംഘട്ടനം നടന്നതായി അവർക്ക് ബോദ്ധ്യമായി. ആ മുറിയിലെ സാധനങ്ങളെല്ലാം ചിതറിക്കിടക്കുന്നു. യൂറോപ്യൻ ക്ലോസറ്റ്, വാഷ് ബെയ്സിൻ, കണ്ണാടി എന്നിവ തകർന്നു കിടന്നിരുന്നു. ജോബി താമസിച്ചിരുന്ന ഈ മുറി സീൽ ചെയ്യണമെന്നാവശ്യപ്പെട്ടപ്പോൾ എസ്.ഐ. അതു നിരാകരിച്ചു. അറിയിക്കാൻ ആദ്യം വന്ന കോൺസ്റ്റബിൾ പറഞ്ഞത് മോട്ടോർ അപകടത്തിൽ മരിച്ചെന്നാണ്. തൂങ്ങിമരിച്ചെന്നാണ് എസ്.ഐ. പറഞ്ഞത്. തൂങ്ങിമരിക്കാനുപയോഗിച്ചതും ജോബി താമസിച്ചിരുന്നതുമായ മുറിയിൽ ഒരു സംഘട്ടനത്തിന്റെ കഥ പറയുന്ന കാഴ്ചയാണ് കണ്ടത്. ഈ പറഞ്ഞ 4 കാരണങ്ങളാൽ ഇതൊരു കൊലപാതകമാണെന്നു സംശയിക്കുന്നു. ഈ ഹോട്ടൽ പല അനാശാസ്യപ്രവർത്തനങ്ങളും സാമൂഹ്യവിരുദ്ധ വിളയാട്ടങ്ങളും നടക്കുന്ന സ്ഥലമാണ്. ഉയർന്ന പോലീസ് ഉദ്യോഗസ്ഥൻമാരുടേയും പ്രമാണിമാരുടേയും അസാൻമാർഗ്ഗിക വേഴ്ചയുടെ സ്ഥലമാണിവിടം. ജോബി അവിടെ ജോലിക്ക് ചേർന്ന് ഒരാഴ്ച കഴിഞ്ഞപ്പോൾ അവിടത്തെ അസാൻമാർഗ്ഗിക നടപടികളെ സംബന്ധിച്ചു പറഞ്ഞിരുന്നു. ഇതു സംബന്ധിച്ച് ഇവിടത്തെ ലോക്കൽ പോലീസിന്റെ അന്വേഷണം തൃപ്തികരമല്ല. പോലീസുകാർ ഹോട്ടലുടമയുടെ ആളുകളാണ്. അതുകൊണ്ട് ഈ കേസ് സി.ബി.ഐ. യെക്കൊണ്ട് അന്വേഷിപ്പിക്കണം.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ചങ്ങനാശ്ശേരി ബ്ലൂസ്റ്റാർ ഹോട്ടലിൽ ഒരു ഉദ്യോഗം കിട്ടിപ്പോയ ജോബിയെന്നു പറയുന്ന ചെറുപ്പക്കാരൻ എന്റെ നിയോജകമണ്ഡലത്തിലുള്ളതാണ്. അയാൾ ഒരു മകനേയുള്ളൂ. ആ കുട്ടി ജോലിയന്വേഷിച്ചുപോയി

LIBRARY ARCHIVES Kerala Legislative Assembly

അവിടെ ജോലിയിൽ പ്രവേശിച്ചു. ഈ കഴിഞ്ഞ 18-ാം തീയതി കാലത്ത് തൂങ്ങിമരിച്ചതായിട്ടാണ് കണ്ടത്. ഉടനെതന്നെ പോലീസ് കേസ് രജിസ്റ്റർ ചെയ്തു. പോസ്റ്റ്മോർട്ടം നടത്തി. പോസ്റ്റ് മോർട്ടത്തിൽ തൂങ്ങിമരിച്ചതായിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അയാൾ താമസിച്ചിരുന്ന മുറി അകത്തുനിന്നു കുറ്റിയിട്ടിരുന്നു. കതക് തല്ലിപ്പൊളിച്ചാണ് പോലീസ് അകത്തു കയറിയത്. ഏതായാലും ഇതിൽ വിശ്വാസം പോരാത്തതുകൊണ്ട് കേസ് ക്രൈംബ്രാഞ്ചിനെ ഏൽപ്പിച്ചിരിക്കുകയാണ്. ക്രൈംബ്രാഞ്ച് ശക്തമായ നിലയിൽ അന്വേഷണം നടത്തി നടപടി സ്വീകരിക്കുന്നതാണ്.

(28) ലോക്കൽ അഡ്മിനിസ്ട്രേഷൻ സെക്രട്ടറി ആയിരുന്ന സ്വാമിനാഥന്റെ ഔദ്യോഗിക ടെലഫോൺ ചെലവ്

ശ്രീ. വി.ജെ. തങ്കപ്പൻ: സർ, 23-6-1986-ൽ ഒരു ചോദ്യത്തിന് ഗവൺമെന്റ് തന്ന ഉത്തരമാണ് ഈ സബ്മിഷനു ആധാരം. ഇപ്പോൾ റവന്യൂബോർഡ് ഒന്നാം മെമ്പറും മുമ്പ് ലോക്കൽ അഡ്മിനിസ്ട്രേഷൻ സെക്രട്ടറിയുമായിരുന്ന ശ്രീ. സ്വാമിനാഥന്റെ വീട്ടിലെ ടെലിഫോൺ നമ്പർ 64052 ആണ്. 11-6-1985-ലെ അദ്ദേഹത്തിന്റെ വീട്ടിലെ ടെലിഫോൺ ചാർജ് 23,644 രൂപയാണ്. അതിനു മുമ്പിലത്തെ ടെലിഫോൺ ചാർജ് 20,244 രൂപയാണ്. അതിനു മുമ്പിലത്തേത് 20,147 രൂപയ്ക്കാണ്, കഴിഞ്ഞ ബഡ്ജറ്റ് സെഷനിലാണ് ആദ്യം ഇതു സംബന്ധമായി ചോദ്യം ചോദിച്ചത്. ആ ചോദ്യത്തിനു ഉത്തരം അപ്പോഴും തന്നിരുന്നില്ല. ഒരുവർഷം കഴിഞ്ഞ് എൽ.എ. സെക്രട്ടറി സ്ഥാനത്തുനിന്നു മാറിപ്പോയതിനു ശേഷമാണ് ഉത്തരം തന്നത്. ആ ചോദ്യം ചോദിച്ചതിനുശേഷമുള്ള ടെലിഫോൺ ചാർജ് 73,94 രൂപയാണ്. നിയമപരമായി വീട്ടിലെ ടെലിഫോൺ ഇത്രയും ഉപയോഗിക്കാമോയെന്നു എനിക്കറിയില്ല. എന്റെ സംശയം അദ്ദേഹത്തിനു രാജ്യാന്തര ബിസിനസ് സംഘവുമായോ ആ മേഖലയിൽ മറ്റെന്തെങ്കിലും തരത്തിലുള്ള ബന്ധങ്ങളോ ഉണ്ടോയെന്നാണ്. അതുകൊണ്ട് ഇക്കാര്യത്തെക്കുറിച്ച് വ്യക്തമായി അങ്ങ് അന്വേഷിക്കണം. ഏതെല്ലാം ടെലിഫോൺ നമ്പരുമായി ഏതെല്ലാം കാര്യത്തിൽ ബന്ധപ്പെട്ടിട്ടുണ്ടെന്നു വ്യക്തമായി അന്വേഷിച്ച് ഈ ഉദ്യോഗസ്ഥന്റെ പേരിൽ നിയമപരമായി എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ കഴിയുമോ അതെല്ലാം സ്വീകരിക്കണം. അല്ലെങ്കിൽ ജനങ്ങളോട് അതെല്ലാം ബോദ്ധ്യപ്പെടുത്തേണ്ട ബാദ്ധ്യത അങ്ങേക്കുണ്ട്. അങ്ങ് അതു ചെയ്യുമെന്നു ഞാൻ വിശ്വസിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ഈ ഉദ്യോഗസ്ഥന്റെ വിശദീകരണം, ഏക്സസ് മീറ്ററിംഗ് എന്നാണ്. അദ്ദേഹം സ്വന്തമായി ഉപയോഗിച്ച 164 രൂപയുടെ ബില്ല് പേ ചെയ്തിട്ടുണ്ട്. ഏതായാലും ഒരു ഇക്കാര്യത്തെ സംബന്ധിച്ച് ടെലി കമ്മ്യൂണിക്കേഷൻ ജനറൽ മാനേജരിൽനിന്നും ഡീറ്റെയിൽസ് ആവശ്യപ്പെട്ടിരിക്കുകയാണ്. അതു കിട്ടിക്കഴിഞ്ഞാൽ ഉദ്യോഗസ്ഥന്റെ ഭാഗത്ത് തെറ്റുണ്ടെങ്കിൽ യാതൊരു ദയാദാക്ഷിണ്യവും കാണിക്കുകയില്ല. കർശനമായ നടപടി ഗവൺമെന്റ് സ്വീകരിക്കും.

LIBRARY ARCHIVES Kerala Legislative Assembly